(സി) വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിട്ടുള്ള സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. † ഓരോ ലാഭകേന്ദ്രവും പ്രത്യേകം ലാഭമുണ്ടാക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല.

(ഡി) ഉദ്ദേശിച്ചിട്ടില്ല.

വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഉൽപ്പാദനക്കുറവ്

52 (887) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. ജോസ് ബേബി :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത നിലയങ്ങളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്താത്തതുമൂലം പ്രതിദിനം വൈദ്യുത ഉൽപ്പാദനത്തിലുണ്ടായ കുറവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വൈദ്യുതി നിലയങ്ങളിലാണ് അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തേണ്ടതുള്ളതെന്ന് വ്യക്തമാക്കുമോ ; ഇതിൽ ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അറ്റകുറ്റപ്പണികൾ യഥാസമയത്തുതന്നെ നടത്താറുണ്ട്.

(ബി) ഇടമലയാർ പവ്വർഹൗസിൽ ഒരു ജനറേറ്ററിന്റെ അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് ജൂലൈ അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ എല്ലാ പവ്വർഹൗസുകളിലും ഷെഡ്യൂൾ അനുസരിച്ചുള്ള വാർഷികവും മാസാമാസവുമുള്ള അറ്റകുറ്റപ്പണികളും നടത്തുന്നുണ്ട്.

ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ നിർമ്മാണം

53 (888) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുതും വലുതുമായ എത്ര ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ നിർമ്മാണം നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; അവ ഏതെല്ലാം എന്ന് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിയും പൂർത്തിയാക്കുന്നതിന് എന്തു തുക ചെലവു വരും എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പ്രോജക്ടുകൾ തുടങ്ങുന്നത് ഏതെങ്കിലും വിദേശ രാജ്യങ്ങളുടെ സഹായത്തോടെയാണോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് ഏതെല്ലാം രാജ്യങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ഇ) കരാർ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(എഫ്) കരാറിൽ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിശദവിവരം താഴെ കൊടുക്കുന്നു.

1. നേര്യമംഗലം എക്സ്റ്റൻഷൻ സ്കീം (25 മെഗാവാട്ട്) ;
2. ലോവർ മീൻമുട്ടി (3.5 മെഗാവാട്ട്) ;
3. അതിരപ്പിള്ളി ജല വൈദ്യുത പദ്ധതി (163 മെഗാവാട്ട്) ;
4. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി (2X50 മെഗാ വാട്ട്) ;
5. ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി.(85 മില്യൺ യൂണിറ്റ്).

മേൽപ്പറഞ്ഞവ കൂടാതെ ചൈനയിലെ ഐ.എൻ.എസ്.എച്ച്.പി. എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ താഴെപ്പറയുന്ന 18 ചെറുകിട ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

1.	ചെമ്പുകടവ് ഒന്നാംഘട്ടം	-	2.7 മെ.വാ/6.59 മി.യൂ
2.	ചെമ്പുകടവ് രണ്ടാംഘട്ടം	-	3.75 മെ.വാ/9.03 മി.യൂ
3.	ഉറുമി ഒന്നാംഘട്ടം	-	3.75 മെ.വാ/9.72 മി.യൂ
4.	ഉറുമി രണ്ടാംഘട്ടം	-	2.40 മെ.വാ/6.28 മി.യൂ
5.	ആനക്കാംപൊയിൽ	-	6.75 മെ.വാ/21.98 മി.യൂ
6.	കണ്ടപ്പൻചാൽ	-	6.25 മെ.വാ/12.03 മി.യൂ
7.	പതക്കയം	-	4.00 മെ.വാ/10.92 മി.യൂ
8.	കക്കാടംപൊയിൽ 1	-	20.00 മെ.വാ/55.08 മി.യൂ
9.	പൂവരംതോട്	-	2.00 മെ.വാ/6.08 മി.യൂ
10.	ആലിക്കൽ	-	5.50 മെ.വാ/13.39 മി.യൂ
11.	പശുക്കടവ്	-	2.50 മെ.വാ/4.61 മി.യൂ

LIBRARY ARCHIVES Kerala Legislative Assembly

12.	ചാത്തൻകോട്ടുനട (രണ്ടാംഘട്ടം)	–	7.00 മെ.വാ/17.74 മി.യൂ
13.	കക്കാടംപൊയിൽ 11	–	5.00 മെ.വാ/15.21 മി.യൂ
14.	പുഴിത്തോട്	–	3.50 മെ.വാ/10.41 മി.യൂ
15.	വിളങ്ങാട്	–	7.00 മെ.വാ/22.62 മി.യൂ
16.	മണിയാർടെയിൽറേസ്	–	5.00 മെ.വാ/23.20 മി.യൂ
17.	മർമല	–	7.65 മെ.വാ/12.80 മി.യൂ
18.	പെരുംതേനരുവി	–	10.00 മെ.വാ/34.00 മി.യൂ
	ആകെ		104.75 മെഗാവാട്ട്

(ബി) പണി പൂർത്തിയാകുന്ന മുറയ്ക്കേ എന്ത് ചെലവാകുമെന്ന് അന്തിമമായി കണക്കാക്കാനാവൂ.

(സി-എഫ്) ഐ. എൻ. എസ്. എച്ച്. പി. എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 18 ചെറുകിട പദ്ധതികളിൽ 4 പൈലറ്റ് പദ്ധതികൾക്കാവശ്യമായ യന്ത്രസാമഗ്രികൾ ലഭ്യമാക്കി അവ സ്ഥാപിച്ചു നൽകുന്നതിനുള്ള കരാറിലും, ബാക്കി 14 പദ്ധതികളുടെ എഞ്ചിനീയറിംഗ് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള എഗ്രിമെന്റിലും വൈദ്യുതി ബോർഡ് ഒപ്പുവെച്ചിട്ടുണ്ട്. പ്രസ്തുത കരാറിലെയും എഗ്രിമെന്റിലേയും പ്രധാനപ്പെട്ട വ്യവസ്ഥകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. †

വൈദ്യുതി പദ്ധതിക്കുള്ള വിദേശസഹായം

54 (889) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്.ഇ.ബി.യുടെ ഏതെല്ലാം പദ്ധതികൾക്കാണ് വിദേശ സഹായം ലഭ്യമായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ പദ്ധതിക്കും വേണ്ടി എത്ര തുക ലഭിച്ചു ;

(സി) പ്രസ്തുത പദ്ധതികൾക്കായി ലോൺ അനുവദിച്ച് കിട്ടുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം ആയിരുന്നു ;

(ഡി) വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാമോ ?

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-VIII

[27-6-2000 -ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 53(888) ദയവായികാണുക]

14 പദ്ധതികളുടെ എഞ്ചിനീയറിംഗ് ഡിസൈൻ സംബന്ധിച്ച എഗ്രിമെന്റിലെ പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

1. എഞ്ചിനീയറിംഗ് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള ഫീസ് മൊത്തം പദ്ധതി ചെലവിന്റെ 2 ശതമാനം, അതായത് 1,523,200 അമേരിക്കൻ ഡോളറായിരിക്കും.

2. എഞ്ചിനീയറിംഗ് ഡിസൈൻ ഫീസ് 4 ഗഡുക്കളായി നൽകേണ്ടതാണ്. ആദ്യ ഗഡുവായ 15 ശതമാനം കരാർ ഒപ്പുവെച്ച് ഒരു മാസം തികയുന്നതിനു മുമ്പ് ഐ.എൻ.എസ്.എച്ച്.പി.യിൽ നിന്നും ഇൻവോയിസ് കിട്ടുമ്പോൾ നൽകേണ്ടതാണ്. പദ്ധതികളുടെ പൊതുലേ ഔട്ടും, രണ്ടാം തവണയ്ക്കുള്ള ഇൻവോയിസും കിട്ടുമ്പോൾ അടുത്ത തവണയായ 15 ശതമാനം നൽകേണ്ടതാണ്. ഡിസൈൻ റിപ്പോർട്ടും, ഡ്രോയിംഗും കിട്ടുന്ന മുറയ്ക്ക് അടുത്ത തവണയായ 36 ശതമാനം നൽകേണ്ടതാണ്. അവസാന തവണ, പദ്ധതികൾ വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങുന്നതിനു ശേഷമോ, ഡിസൈൻ ഡ്രോയിംഗ് നൽകിയതിനു ഒരു വർഷത്തിനു ശേഷമോ, ഏതാണോ ആദ്യം അപ്പോൾ നൽകേണ്ടതാണ്.

(3) സ്ഥലപരിശോധനയും പദ്ധതിസ്ഥലത്തു വന്നുള്ള കൂടിയാലോചനകൾക്കും ചൈനീസ് വിദഗ്ദ്ധർക്ക് ദിവസം 80 അമേരിക്കൻ ഡോളർ വീതം നൽകേണ്ടതാണ്. ചൈനീസ് വിദഗ്ദ്ധരുടെ സേവനം എത്ര ദിവസം വേണ്ടി വരും എന്നത് ചർച്ച ചെയ്ത് തീരുമാനിക്കുന്നതും, തുക മാസാടിസ്ഥാനത്തിൽ ബോർഡ് നൽകുന്നതുമാണ്.

(4) കരാർ നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് ചൈനീസ് സർക്കാരിന് നൽകേണ്ടനികുതി ഐ.എൻ. എസ്.എച്ച്.പി.യും. ഇന്ത്യാ ഗവൺമെന്റിന് നൽകേണ്ട നികുതികൾ വൈദ്യുതി ബോർഡും നൽകുന്നതാണ്.

താഴെ പറയുന്ന 4 പദ്ധതികൾക്കാവശ്യമായ യന്ത്ര സാമഗ്രികൾ ലഭ്യമാക്കി അവ സ്ഥാപിച്ചു നൽകുന്നതിനാണ് ഐ.എൻ.എസ്.എച്ച്.പി.യുമായി കരാറിൽ ഒപ്പുവച്ചിട്ടുള്ളത്.

(1)	ചെമ്പുകടവ്	1	2.7മെ.വാ
(2)	ചെമ്പുകടവ്	2	3.75 മെ.വാ
(3)	ഉറുമി	1	3.75 മെ.വാ
(4)	ഉറുമി	2	2.4 മെ.വാ

LIBRARY ARCHIVES Kerala Legislative Assembly

കരാറനുസരിച്ച് മേൽ പറഞ്ഞ പദ്ധതികൾക്കാവശ്യമായ യന്ത്ര സാമഗ്രികൾ ലഭ്യമാക്കി അവ സ്ഥാപിച്ച് തൃപ്തികരമായ രീതിയിൽ പ്രവർത്തിപ്പിച്ച് കൈമാറേണ്ട ചുമതല ഐ. എൻ. എസ്. എച്ച്. പി. യിൽ നിക്ഷിപ്തമാണ്. ഓരോ പദ്ധതിക്കാവശ്യമായ യന്ത്ര സാമഗ്രികളുടെ വിലയും അവ സ്ഥാപിച്ചു നൽകുന്നതിനാവശ്യമായ ഫീസും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. (തുക അമേരിക്കൻ ഡോളറിൽ)

പദ്ധതി		യന്ത്രസാമഗ്രികളുടെ വില	സ്ഥാപിക്കുന്നതിനുള്ള ഫീസ്	ആകെ തുക
ചെമ്പു കടവ്	1	9,46,671.00	1,35,934.00	10,82,605.00
ചെമ്പു കടവ്	2	10,34,741.00	1,36,292.00	11,71,033.00
ഉറുമി	1	9,14,212.00	1,34,461.00	10,48,673.00
ഉറുമി	2	8,29,963.00	1,30,726.00	9,60,689.00
ആകെ		37,25,587.00	5,37,413.00	42,63,200.00

(അതായത് ഡോളറിന് 42.5 രൂപ നിരക്കിൽ ആകെ 18,11,77,500 രൂപ) മേൽ പറഞ്ഞ തുക താഴെ പറയും പ്രകാരം നൽകേണ്ടതാണ്.

1. കരാർ ഒപ്പുവെച്ച് ഒരു മാസത്തിനുള്ളിൽ ഐ.എൻ.എസ്.എച്ച്.പി. മൊത്തം കരാർ തുകയുടെ 15 ശതമാനത്തിനുള്ള ലെറ്റർ ഓഫ് ഗ്യാരന്റി നൽകുന്നതും ഇതു ലഭിച്ച പത്ത് ദിവസത്തിനുള്ളിൽ ബോർഡ് 15 ശതമാനം വരുന്ന തുക അതായത് 6,39,450 ഡോളർ അഡ്വാൻസായി നൽകേണ്ടതുമാണ്.
2. യന്ത്ര സാമഗ്രികളുടെ 75 ശതമാനം, യന്ത്രസാമഗ്രികൾ എത്തികഴിഞ്ഞാൽ നൽകേണ്ടതാണ്.
3. ബാക്കി വരുന്ന 10 ശതമാനം ഗ്യാരന്റി കാലാവധി കഴിഞ്ഞതിനു ശേഷം നൽകിയാൽ മതി
4. യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസിന്റെ 30 ശതമാനം ഇവ സ്ഥാപിക്കുന്നതിന് മുമ്പ് നൽകേണ്ടതാണ്.
5. യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് വിജയകരമായി ട്രയൽ റൺ നടത്തിയതിനുശേഷം 45 ശതമാനം തുക നൽകേണ്ടതാണ്.
6. യന്ത്ര സംവിധാനങ്ങൾ തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നു എന്നു പരിശോധിച്ച് തൃപ്തിപ്പെട്ട ശേഷം മാത്രം അവസാനത്തെ 10 ശതമാനം തുക നൽകിയാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

യന്ത്രസാമഗ്രികളുടെ മേന്മ ഉറപ്പുവരുത്തുന്നതിനായി പെനാൽട്ടി വ്യവസ്ഥയും, തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിനായി കേരള സംസ്ഥാന പവർ പ്രിൻസിപ്പൽ സെക്രട്ടറിയെ തർക്ക പിരഹാര ബോർഡ് ആയി നിയമിച്ചു കൊണ്ടുള്ള വ്യവസ്ഥയും കരാറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

അനുബന്ധം- IX

സബ്ജക്ട് കമ്മറ്റി - IX

തദ്ദേശ സ്വയഭരണവും സഹകരണവും

2000-2001-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് അഞ്ചാമത് റിപ്പോർട്ടിൻമേൽ ധനകാര്യമന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന XXII - നഗരവികസനം

ക്രമ നമ്പർ	കമ്മറ്റിയുടെ ശുപാർശ ഖണ്ഡിക നമ്പർ	മറുപടി
1	3	സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ ശുപാർശ പരിഗണിക്കുന്നതാണ്.
2	4	ഈ ശുപാർശ പരിശോധിക്കുന്നതാണ്.
3	5	ബജറ്റുപ്രസംഗം 2000-2001 ഖണ്ഡിക 27 പ്രകാരം പരാമർശ ശുപാർശ ചെലവുകൾക്ക് ആയി 15 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ധനകാര്യമന്ത്രി അംഗീകരിച്ചത്

ജോയിന്റ് സെക്രട്ടറി (ധനകാര്യ വകുപ്പ്)

LIBRARY ARCHIVES Kerala Legislative Assembly